# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3423** — **12.12.2014-ൽ മറുപടിക്ക്**

### പാർട്ട്ണർ കേരള മിഷൻ

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ.എൻ എ നെല്ലിക്കുന്ന് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | പാർട്ട്ണർ കേരള മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സഹായിക്കുക എന്നതാണ് പാർട്ട്ണർ കേരള മിഷന്റെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | പ്രസ്തുത മിഷൻ രൂപീകരിച്ചതെന്നാണ്; പ്രസ്തുത മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ; | (ബി) | 2014 സെപ്റ്റംബർ 27-ാം തീയതിയാണ് പാർട്ട്ണർ കേരള മിഷൻ നിലവിൽ വന്നത്. മിഷന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി താഴെപ്പറയുന്നു:<br>• മിഷന്റെ ട്രാൻസാക്ഷൻ അഡ്വൈസറായി M/s KITCO-യെ നിയമിച്ചിട്ടുണ്ട്. 40 പ്രോജക്ടുകൾ പഠനം നടത്തുന്നതിനായി അവരെ ഏൽപിച്ചിട്ടുണ്ട്.<br>• ട്രാൻസാക്ഷൻ അഡ്വൈസർ എല്ലാ പ്രോജക്ടുകളുടെയും സ്ഥലപരിശോധനയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അധികാരികളുമായി വിശദമായി ചർച്ച നടത്തി സാധ്യതാപഠനവും തുടർനടപടികളും നടത്തിവരികയാണ്.<br>• പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി തദ്ദേശസ്വയംഭരണ |

സ്ഥാപനങ്ങളുടെ അധികാരികളെ പ്രാപ്തരാക്കുന്നതിനായി, ഒന്നാംഘട്ടത്തിൽ സർക്കാർ അംഗീകരിച്ച കോർ കമ്മിറ്റി അംഗങ്ങൾക്ക് ഇക്കാര്യത്തിൽ വിശദമായ പരിശീലനം നൽകി കഴിഞ്ഞിട്ടുണ്ട്.

- ഒന്നാംഘട്ടത്തിൽ പദ്ധതികൾ നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി.
- പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ സാധ്യതകളും പ്രയോജനങ്ങളും മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് വിശദീകരിച്ചു നൽകുന്നതിന് ഒരു മാധ്യമ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി.
- ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ സാധ്യതാപഠന റിപ്പോർട്ട് പൂർത്തിയായി വരുന്നു. ഈ പദ്ധതികളുടെ ആർ.എഫ്.ക്യു ക്ഷണിക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.

സി) പൊതുസ്വകാര്യ പങ്കാളിത്വത്തോടെ പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

സി) പ്രാദേശിക സർക്കാരുകൾ പദ്ധതികൾ നടപ്പാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നു:

- പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള തീരുമാനം പ്രാദേശിക സർക്കാരുകൾ കൈക്കൊള്ളണം.
- ബാദ്ധ്യതാരഹിത ഭൂമി ലഭ്യമാക്കണം.
- പൊതുസ്വകാര്യ പങ്കാളിത്ത പ്രവർത്തനത്തിന് ഉദ്ദേശിക്കുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കപ്പെട്ടതാകരുത്.

- ഭൂമിയുടെ ഉടമസ്ഥാവകാശം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കണം. .
- സാമ്പത്തികമായി സ്വയം നിലനിൽക്കുന്ന പദ്ധതികൾ മാത്രമേ ഒന്നാംഘട്ടത്തിൽ ഏറ്റെടുക്കാവൂ.
- എല്ലാ എഗ്രിമെന്റുകളും പ്രാദേശിക സർക്കാരുകളുടെ പേരിലായിരിക്കണം.
- പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ പ്രാദേശിക സർക്കാരുകളിലും ഒരു കോർ കമ്മിറ്റി രൂപീകരിക്കണം.
- പദ്ധതികൾക്കുള്ള RFQ-വും, RFP-യും സർക്കാർ അംഗീകരിച്ച മോഡലിൽ ആയിരിക്കണം.
- പദ്ധതി നടത്തുന്നതിനായുള്ള നിക്ഷേപകരെ കണ്ടെത്തുന്നത് മത്സരാധിഷ്ഠിത ദർഘാസുകളിലൂടെയായിരിക്കണം.
- സർക്കാരിന്റെ പ്രത്യേക അനുമതി യിലൂടെ മാത്രമേ 'Swiss Challenge' Method പ്രാവർത്തികമാക്കാവൂ.
- 25 വർഷമായിരിക്കും കൺസെഷൻ കാലാവധി.
- പദ്ധതികൾക്കോ പദ്ധതിനിർവ്വഹണ ത്തിനോ സർക്കാർ ഗ്യാരന്റി നൽകുന്നതല്ല.

ഡി) പ്രസ്തുത മിഷന് നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുക്കാൻ തയ്യാറായി നിക്ഷേപകർ മുന്നോട്ടു വന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഡി) സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള RFQ പ്രസിദ്ധീകരിച്ച് പരിശോധിക്കുന്ന മുറയ്ക്കു മാത്രമേ എത്ര കോടി രൂപയുടെ പദ്ധതിയുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളു.

സെക്ഷൻ ഓഫീസർ